## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3355** — 19-06-2019-ൽ മറുപടി നൽകേണ്ടത്

## ശാസ്ത്ര സാങ്കേതിക മ്യൂസിയം ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** : | | **ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| എ) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഏജൻസി മുഖാന്തിരമാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക, എഗ്രിമെന്റ് കാലാവധി, പണി പൂർത്തിയാക്കി സ്ഥാപനത്തിന് കൈമാറിയ തീയതി എന്നിവ വ്യക്തമാക്കുമോ; | **എ)** | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണ ചുമതല രണ്ട് ഘട്ടമായി Government Accredited Agency ആയ ഹാബിറ്റാറ്റിനാണ് നല്കിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകളുടെ നിർമ്മാണം ഒന്നാം ഘട്ടമായും മൂന്നാം നിലയുടെ നിർമ്മാണം രണ്ടാം ഘട്ടമായും ആണ് പണി പൂർത്തീകരിച്ചത് ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 46,42,787 രൂപയും രണ്ടാം ഘട്ടത്തിന്റെ അടങ്കൽ തുക 51,22,482 രൂപയും ആയിരുന്നു. ഒന്നും രണ്ടും നിലകളുടെ എഗ്രിമെന്റ് കാലാവധി എട്ട് മാസവും, മൂന്നാം നിലയുടെ എഗ്രിമെന്റ് കാലാവധി ആറു മാസവുമായിരുന്നു. 2009-മുതൽ ഈ കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകളും 2017-മുതൽ മൂന്നാം നിലയും മ്യൂസിയം ഉപയോഗിച്ച് വരുന്നു. ഈ കെട്ടിടം പണി പൂർത്തിയാക്കി ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന് ഓദ്യോഗികമായി കൈമാറിയ തീയതി സംബന്ധിച്ച രേഖകൾ ലഭ്യമല്ല. |
| ബി) | എത്ര ഘട്ടങ്ങളായാണ് നിർമ്മാണ ഏജൻസിക്ക് പണം അനുവദിച്ചത്; ഓരോ പ്രാവശ്യവും പണം അനുവദിക്കുന്നതിന് മുമ്പ് എത്ര ശതമാനം പണി പൂർത്തിയാക്കി | **ബി)** | ഒന്നും രണ്ടും നിലകളുടെ നിർമ്മാണത്തിന് 50,09,183/- രൂപയും മൂന്നാം നിലയുടെ നിർമ്മാണത്തിന് 47,19,652/- രൂപയും നാളിതുവരെ നല്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിന്റെ ബിൽ സെറ്റിൽമെന്റ് ചെയ്ത് കഴിഞ്ഞിട്ടുള്ളതാകുന്നു. രണ്ടാം ഘട്ടത്തിന്റെ അന്തിമ ബിൽ |

| | | | |
|---|---|---|---|
| | എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | ഏജൻസി ഇതുവരെ സമർപ്പിച്ചിട്ടില്ലാത്തതിനാൽ Final Accounts Settlement ആയിട്ടില്ല. ഓരോ ഘട്ടത്തിലും Certify ചെയ്ത Stage Certificate-ന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരമാണ് പണം നല്കിയിട്ടുള്ളത്. |
| സി) | പ്രസ്തുത ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണത്തിന് തിരുവനന്തപുരം നഗരസഭയിൽ നിന്ന് അനുമതി വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | **(സി)** | മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. എന്നാൽ പണി പൂർത്തിയായ കെട്ടിടത്തിന് നഗരസഭ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**